# പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഉദ്ഘാടനറിപ്പോർട്ട്

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ സ്കൂൾതല ഉദ്ഘാടനം 2017 ജനവരി 27 രാവിലെ 10 മണിക്ക് **എടത്വാ സെന്റ്മേരീസ് ഗേൾസ് ഹൈസ്കൂൾ** അങ്കണത്തിൽ നടന്നു. പൊതുവിദ്യാഭ്യാസവകുപ്പിന്റെ നിർദേശപ്രകാരമുള്ള ബാനർ സ്കൂൾ കവാടത്തിൽ പ്രദർശിപ്പിച്ചു. പ്ലാസ്റ്റിക് ഉപയോഗ നിയന്ത്രണം , ആരോഗ്യപ്രശ്നങ്ങൾ, മലിനീകരണ പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയെപ്പറ്റി ശുചിത്വമിഷൻ മുൻകോർഡിനേറ്റർ ശ്രീ. ആർ വേണുഗോപാൽ മാതാപിതാക്കൾക്കും അധ്യാപകഅനധ്യാപകർക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ്സ് നടത്തി. സ്കൂളുകൾ പ്ലാസ്റ്റിക് വിമുക്തമാക്കി ആരോഗ്യസംരക്ഷണവും പരിസര സംരക്ഷണവും നടത്താൻ മാതാപിതാക്കളെയും കുട്ടികളെയും സജ്ജരാക്കാനുള്ള പൊതുവിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് എടത്വാ സെന്റ്മേരീസ് സ്കൂളിൽ തുടക്കം കുറിച്ചു. അതിനായി സ്കൂൾ അസംബ്ലികൂടുകയും ഹെഡ്മിസ്ട്രസ്. ശ്രീമതി. ട്രീസ സെബാസ്റ്റ്യൻ കുട്ടികൾക്ക് 'ഗ്രീൻ പ്രോട്ടോകോൾ ' നെക്കുറിച്ച് അവബോധം നൽകുകയും , ഇന്നു മുതൽ ഗ്രീൻ പ്രോട്ടോക്കോൾ നിലവിൽ വന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. എടത്വാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ടെസ്സി ജോസ് സന്ദേശം നല്കി.സ്കൂൾ മാനേജർ റവ. ഫാദർ ജോൺ മണക്കുന്നേൽ, പി.റ്റി. എ പ്രസിഡന്റ് ശ്രീ. ജയൻ പി.ഡി. എന്നിവർ സംസാരിച്ചു. തുടർന്ന് രക്ഷാകർത്താക്കളും, പൂർവ്വവിദ്യാർത്ഥികളും അദ്ധ്യാപക അനദ്ധ്യാപകരും, അഭ്യുദയകാംക്ഷികളും ചേർന്ന് പൊതുവിദ്യാഭ്യാസസംരക്ഷണ പ്രതിജ്ഞ എടുത്തു.